ഏർപ്പെട്ടിരിക്കുന്ന കുറഞ്ഞപക്ഷം ഏഴ് അപേക്ഷകരെയെങ്കിലും തെരഞ്ഞെടുത്തുകൊണ്ടുള്ള മറ്റൊരു പ്രമേയവും ഇൻഡ്യൻ ലേബർ കോൺഫറൻസ് അംഗീകരിച്ച വ്യവസായത്തിലെ അച്ചടക്കസംഹിത പ്രസ്തുത സംഘടന പാലിക്കുന്നുണ്ടോയെന്ന് കാണിക്കുന്ന പ്രമേയവും പ്രസ്തുത പൊതുയോഗത്തിൽ അംഗീകരിക്കേണ്ടതാണ്.

ട്രേഡ് യൂണിയൻ ചട്ടത്തിലെ ഫോറം 'എ' യിലുള്ള അപേക്ഷയാണ് രജിസ്ട്രേഷനുവേണ്ടി നൽകേണ്ടത്. അതിൽ പൊതുയോഗം ചുമതലപ്പെടുത്തിയിട്ടുള്ള ഏഴു അപേക്ഷകരും അവരുടെ പേര്, ഒപ്പ്, തൊഴിൽ, മേൽവിലാസം, വയസ്സ് എന്നിവ രേഖപ്പെടുത്തി അപേക്ഷയോടൊപ്പം താഴെക്കുറിച്ചിട്ടുള്ള രേഖകളും ഉള്ളടക്കം ചെയ്യണം:-

1) പൊതുയോഗം അംഗീകരിച്ച യൂണിയന്റെ ബൈലായുടെ തനിപ്പകർപ്പ്, പ്രമേയം, ഒന്ന്, രണ്ട്, മൂന്ന്.

2) ട്രേഡ് യൂണിയൻ ചട്ടങ്ങളിൽ നൽകിയിട്ടുള്ള ഒന്നും രണ്ടും നമ്പർ പട്ടികകൾ യഥായോഗ്യം പൂരിപ്പിച്ചത്.

3) ഒരു വർഷത്തിലധികമായി പ്രവർത്തിച്ചുവരുന്ന യൂണിയനാണെങ്കിൽ പ്രസ്തുത സംഘടനയുടെ ആസ്തി ബാദ്ധ്യതകൾ കാണിക്കുന്ന മൂന്നാം നമ്പർ പട്ടികയിലുള്ള സ്റ്റേറ്റ്മെന്റ്.

4) ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ ഫീസ് 500 രൂപ "0230-102-" ശീർഷകത്തിൽ ഒടുക്കിയ ചെല്ലാൻ രസീത്, അപേക്ഷയിലും ബൈലായിലും ആവശ്യമായ വിവരങ്ങളെല്ലാം ഉൾപ്പെടുത്തി അപേക്ഷ അതാത് പ്രദേശത്തെ അസിസ്റ്റന്റ് ലേബർ ഓഫീസറുടെ വ്യക്തമായ അന്വേഷണ റിപ്പോർട്ട് സഹിതം ട്രേഡ് യൂണിയൻ രജിസ്ട്രാർക്ക് സമർപ്പിക്കണം. ട്രേഡ് യൂണിയൻ രജിസ്ട്രാർ അപേക്ഷയും ബന്ധപ്പെട്ട രേഖകളും സൂക്ഷ്മ പരിശോധന നടത്തി ട്രേഡ് യൂണിയൻ നിയമത്തിലെ 5,6 വകുപ്പുകളിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളെല്ലാം പാലിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത യൂണിയന് രജിസ്ട്രേഷൻ നൽകുകയാണ് നടപടിക്രമം ഈ നടപടിക്രമത്തിന് പുതുതായി ഒരു മാറ്റവും വരുത്തിയിട്ടില്ല.

(സി) 1999 നവംബർ മാസം 30 വരെ 10,969 ട്രേഡ് യൂണിയനുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

59 (968) തൊഴിലാളി സംഘടനകളുടെ അംഗീകാരത്തിന് റഫറണ്ടം

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ</u> :
<u>ശ്രീ. പി. രാഘവൻ</u>:
<u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. വർഗ്ഗീസ് വൈദ്യർ</u> :
<u>ശ്രീ. എൻ.ആർ. ബാലൻ</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളി സംഘടനകളുടെ അംഗീകാരത്തിന് റഫറണ്ടം നടത്തിവരുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(ബി) ഈ റഫറണ്ടം നടപടിക്ക് ഇപ്പോൾ സ്വീകരിച്ചുവരുന്ന നിബന്ധനകൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ എല്ലാ തൊഴിൽ മേഖലകളിലും റഫറണ്ടം നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1. കെൽട്രോൺ, തിരുവനന്തപുരം.
2. കേരളാ ആട്ടോമൊബൈൽസ്, തിരുവനന്തപുരം.
3. കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ.
4. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റസ് ലിമിറ്റഡ്, തിരുവനന്തപുരം.
5. തിരുവനന്തപുരം റബ്ബർ വർക്സ്.
6. കെൽ, കുണ്ടറ.
7. ഒപ്പോളോ ടയേഴ്സ്, തൃശ്ശൂർ.
8. പ്രീമിയർ ടയേഴ്സ്, കളമശ്ശേരി.
9. ടെൽക്, അങ്കമാലി.
10. ഇൻഡ്യൻ അലൂമിനീയം കമ്പനി ലിമിറ്റഡ്.
11. മിൽമ.
12. എക്സൽ ഗ്ലാസ്, ആലപ്പുഴ.
13. മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്.

(ബി) 1. ഒരു സ്ഥാപനത്തിൽ റഫറണ്ടം നടത്തുന്നതിലേയ്ക്കായി തൊഴിലുടമ പ്രതിനിധികളും, തൊഴിലാളി പ്രതിനിധികളും തമ്മിൽ ഒരു ഒത്തുതീർപ്പുകരാർ ഉണ്ടാക്കി റഫറണ്ടം നടത്തുന്നതിനുള്ള തീരുമാനം എടുക്കണം

2. പ്രസ്തുത ഒത്തുതീർപ്പു കരാറിന്റെ പകർപ്പുസഹിതം റഫറണ്ടം നടത്തുന്നതിലേയ്ക്കായി ഒരു ഇൻഡിപ്പെൻഡന്റ് ഒബ്സർവറെ (സ്വതന്ത്ര നിരീക്ഷകനെ) നിയമിക്കുന്നതിനുള്ള അപേക്ഷ ലേബർ കമ്മീഷണർ മുൻപാകെ സമർപ്പിക്കണം.

3. സർക്കാരിന്റെ അംഗീകാരത്തോടെ ലേബർ കമ്മീഷണർ നിയമിക്കുന്ന സ്വതന്ത്രനിരീക്ഷകന്റെ നിരീക്ഷണത്തിൽ സ്ഥാപനങ്ങളിൽ റഫറണ്ടം നടക്കുന്നതാണ്.

4. ഒരു തൊഴിലാളി സംഘടനയെ അംഗീകൃത സംഘടനയായി തീരുമാനിക്കുന്നതിന് മൊത്തം തൊഴിലാളികളുടെ ഒരു നിശ്ചിതശതമാനം വോട്ട് നേടേണ്ടതാണ്.

(സി-ഡി) കോടതി വിധിയിലെ നിർദ്ദേശമനുസരിച്ചാണ് ചില സ്ഥാപനങ്ങളിൽ റഫറണ്ടം നടത്തിയിട്ടുള്ളത്. മറ്റ് ചിലയവയിൽ യൂണിയനും മാനേജ്മെന്റും സംയുക്തമായി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും റഫറണ്ടം നടത്തിയിട്ടുണ്ട്. നിലവിലുള്ള 1926-ലെ ട്രേഡ് യൂണിയൻ നിയമപ്രകാരം എല്ലാ തൊഴിൽ മേഖലകളിലും റഫറണ്ടം നടത്തുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല. 22-11-1999-ൽ ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ചിട്ടുള്ള കരടു ബില്ലിന്മേൽ പ്രാഥമികമായ ചർച്ച നടത്തിയിരുന്നു. അത് പാസ്സാകുന്ന മുറയ്ക്ക് അതിലുണ്ടാകുന്ന നിയമ വ്യവസ്ഥകൾക്കനുസരിച്ചാകും ഇക്കാര്യത്തിലുള്ള അന്തിമ തീരുമാനം.

1053/2010.

LIBRARY ARCHIVES Kerala Legislative Assembly